# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2151** **05.05.2017-ൽ മറുപടിയ്ക്ക്**

## വാടാനപ്പള്ളിയിൽ സംയോജിത മത്സ്യ ഗ്രാമ വികസന കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| മണലൂർ നിയോജകമണ്ഡലത്തിൽ, വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ തീരദേശ മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി സംയോജിത മത്സ്യ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ തീരദേശ മേഖലയിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണുന്നതിലേക്കായി തീരദേശ വികസന കോർപ്പറേഷൻ മുഖേന സംയോജിത മത്സ്യ ഗ്രാമ വികസന പദ്ധതി 2014-15-ൽ ഉൾപ്പെടുത്തി 140.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>(1) വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 1, 16, 17, 18 ൽ സംപ്-160എംഎം/90എംഎം എച്ച്.ഡി, പി.ഇ പൈപ്പിൽ നിന്നും റൈഡർ ലൈൻ<br>(2) വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 9, 11, 12 ൽ സംപ്-110എംഎം/90എംഎം/75എംഎം എച്ച്.ഡി,പി.ഇ പൈപ്പിൽ നിന്നും റൈഡർ ലൈൻ<br>(3) വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 1, 17, 1 ൽ കേടായ പൈപ്പ് മാറ്റി സ്ഥാപിക്കൽ<br>(4) വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 14 ലെ നിലവിലുള്ള കിണറിൽ നിന്നും വാർഡ് നമ്പർ 16 ലേക്ക് 75എംഎം വഴി കുടിവെള്ളം എത്തിക്കൽ<br>കേരള വാട്ടർ അതോറിറ്റി നിർവ്വഹണ ഏജൻസിയായിട്ടുള്ള ടി പദ്ധതി ടെണ്ടർ ചെയ്തു കഴിഞ്ഞതായി കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ആഫീസർ**